# ഗവ. ഹയർ സെക്കണ്ടറി സ്കൂൾ എടക്കര

നിലമ്പൂർ ഉപജില്ല

വണ്ടൂർ വിദ്യാഭ്യാസ ജില്ല

മലപ്പുറം റവന്യു ജില്ല

ghssedk@gmail.com

# അക്കാദമിക മാസ്റ്റർ പ്ലാൻ

**(അക്കാദമികം, ഭൗതികം, സാമൂഹികം)**

**ഷാജി എടക്കര**
**പി.ടി. എ പ്രസിഡന്റ്**

**ഷേർലി തോമസ്**
**ഹെഡ്മാസ്റ്റർ**

# ജി. എച്ച്. എസ്. എസ്. എടക്കര

## അടിസ്ഥാനവിവരങ്ങൾ

| | |
|---|---|
| വിദ്യാലയത്തിന്റെ പേര് | : ജി. എച്ച്. എസ്. എസ്. എടക്കര |
| വിലാസം | : എടക്കര പി. ഒ. പിൻ - 679 331 |
| ഫോൺ | : 04931 275729 |
| സ്കൂൾകോഡ് | : 48100 |
| വിദ്യാഭ്യാസ ഉപജില്ല | : നിലമ്പൂർ |
| വിദ്യാഭ്യാസ ജില്ല | : വണ്ടൂർ |
| റവന്യൂ ജില്ല | : മലപ്പുറം |
| ബി.ആർ.സി. | : നിലമ്പൂർ |
| സി.ആർ.സി. | : എടക്കര |
| ഗ്രാമ പഞ്ചായത്ത് | : എടക്കര |
| ബ്ലോക്ക് പഞ്ചായത്ത് | : നിലമ്പൂർ |
| ജില്ലാ പഞ്ചായത്ത് | : മലപ്പുറം |
| നിയമസഭാമണ്ഡലം | : നിലമ്പൂർ |
| ലോക് സഭാമണ്ഡലം | : വയനാട് |
| താലൂക്ക് | : നിലമ്പൂർ |
| വില്ലേജ് | : എടക്കര |
| ഇമെയിൽ | : ghssedk@gmail.com |

# ഉള്ളടക്കം


| | |
|---|---|
| 1.ആമുഖം.......................................................................... | 4 |
| 2.ലക്ഷ്യങ്ങൾ....................................................................... | 5 |
| 3.വിദ്യാലയചരിത്രം......................................................... | 5 |
| 4.അക്കാദമികം മികവുകൾ................................................ | 6 |
| 5.അക്കാദമികം പരിമിതികൾ............................................ | 6 |
| 6. മലയാളം മാസ്റ്റർ പ്ലാൻ. HS....................... ............... | 8 |
| 7.ഇംഗ്ലീഷ് HS.................................................................. | 10 |
| 8.ഹിന്ദി HS..................................................................... | 12 |
| 9.സാമൂഹ്യ ശാസ്ത്രം HS......................................................... | 13 |
| 10.ഗണിതം HS................................................................ | 14 |
| 11.ഫിസിക്സ്/കെമിസ്ട്രി HS................................................ | 16 |
| 12.ബയോളജി HS........................................................... | 20 |
| 13.അറബി LP,UP,HS...................................................... | 21 |
| 14.കലാ പഠനം................................................................ | 26 |
| 15.മലയാളം UP............................................................. | 29 |
| 16.ഇംഗ്ലീഷ് UP............................................................... | 31 |
| 17.ഹിന്ദി UP.................................................................... | 32 |
| 18.ഗണിതം UP............................................................... | 34 |
| 19.സയൻസ് UP.............................................................. | 39 |
| 20. സോഷ്യൽ സയൻസ് UP.............................................. | 41 |
| 21.ഭാഷ LP...................................................................... | 44 |
| 22.പരിസര പഠനം LP...................................................... | 45 |
| 23. ഗണിതം LP............................................................... | 46 |
| 24.ഐ.ടി LP.................................................................. | 47 |
| 25.കായികം UP.............................................................. | 50 |
| 26.കായികം HS............................................................... | 51 |
| 27. മാസ്റ്റർ പ്ലാൻ ഭൗതികം.................................................. | 53 |
| 28. മാസ്റ്റർ പ്ലാൻ സാമൂഹ്യം................................................ | 57 |
| 29. മികവിനായി പരിഗണിച്ച പ്രവർത്തനങ്ങൾ .................. | 60 |
| 30. മാസ്റ്റർ പ്ലാൻ വിവിധ ഘട്ടങ്ങൾ ................................ | 61 |
| 31. മാസ്റ്റർ പ്ലാൻ ഉപസമിതി ..................................... | 61 |
| 32. ഉപസംഹാരം............................................................ | 61 |
| 33..അനുബന്ധം 1 ജീവനക്കാർ.......................................... | 62 |
| 34.അനുബന്ധം 2 പ്രീ പ്രൈമറി സ്റ്റാഫ് ............................. | 64 |
| 35.അനുബന്ധം 3 സ്കൂൾ കമ്മിറ്റികൾ ................................. | 64 |
| 36.അനുബന്ധം 4 വിവിധ ക്ലബ്ബുകൾ................................... | 66 |
| 37.അനുബന്ധം 5 ഇതര ജീവനക്കാർ ............................... | 66 |
| 38 അനുബന്ധം 6 കുട്ടികളുടെ എണ്ണം മുൻവർഷങ്ങളിലൂടെ..... | 67 |

# 1. ആമുഖം

മലപ്പുറം ജില്ലയിൽ നിലമ്പൂർ താലൂക്കിൽ എടക്കര പഞ്ചായത്തിൽ ഗവ :മേഖലയിൽ പ്രി പ്രൈമറി തലം മുതൽ ഹയർ സെക്കന്ററി തലം വരെയായി 2800 കുട്ടികൾ പഠനം നടത്തുന്ന ഒരു വിദ്യാലയമാണ് എടക്കരഗവ. ഹയർ സെക്കന്ററി സ്കൂൾ. പശ്ചിമ-പൂർവ്വഘട്ട മലനിരകളുടെ സംഗമകേന്ദ്രമായ നീലഗിരി മലനിരകളുടെ താഴ്‌വാരമായ മലയോര പ്രദേശമാണ് എടക്കര. മൂന്നു സംസ്ഥാനങ്ങളെ സംഗമിപ്പിക്കുന്ന സി. എൻ. ജി. റോഡിന്റെ ഓരത്താണ് ഈ സ്കൂൾ സ്ഥിതി ചെയ്യുന്നത്. പഠന മേഖലയിൽ SSLC ക്ക് 100 ശതമാനം വിജയമടക്കം ശ്രദ്ധേയമായ നേട്ടങ്ങൾ ഇതിനകം നേടിയെടുത്ത ഈ സർക്കാർ വിദ്യാലയം പാഠ്യേതര-സാമൂഹിക മേഖലകളിലും ഏറെ മികവ് പുലർത്തുന്നു സ്ഥല പരിമിധി ഏറെ പ്രശ്നം സൃഷ്ടിക്കുന്ന ഈ വിദ്യാലയത്തിന് ഭൗതികസാഹചര്യങ്ങളുടെയും, സാങ്കേതികസംവിധാനങ്ങളുടെയും കാര്യത്തിൽ ഏറെ മുന്നേറേണ്ടതായിട്ടുണ്ട്. സർവ്വ ശിക്ഷാ അഭിയാൻ പദ്ധതിയിൽ ഉൾപ്പെടുത്തി വിവിധ പദധതികൾ എടക്കര ഗവ. ഹൈസ്കൂളിന് ലഭ്യമാകുന്നതിനാവശ്യമായ കർമ്മ പദ്ധതി സമർപ്പിക്കുന്നു.

സ്കൂൾ ഇന്നനുഭവിക്കുന്ന പ്രധാന പോരായ്മ സ്ഥല പരിമിതിയാണ്.ടൗണിന്റെ ഹൃദയ ഭാഗത്തായി സ്ഥിതി ചെയ്യുന്ന ഈ സ്കൂൾ ഇപ്പോൾ നിൽക്കുന്ന സ്ഥലത്ത് ലക്ഷങ്ങൾ വില നൽകിയാൽ പോലും വികസിപ്പിക്കുന്നതിന് സാധ്യമല്ലാത്ത അവസ്ഥയിലാണ്. സ്കൂൾ വികസനത്തിന് ഏറെ അത്യാവശ്യമായ സ്ഥലമെടുക്കൽ, ഭരണതലത്തിൽ തീരുമാനമാകേണ്ട ഒരു വിഷയമാണെങ്കിൽ തന്നെയും , കൃത്യമായ ദീർഘവീക്ഷണത്തിലൂടെയുള്ള ചുവടു വെയ്പ്പുകൾ അത്യന്താപേക്ഷിതമാണ്.

നിലവിലുള്ള പരിമിത സൗകര്യങ്ങളിൽ തന്നെ ത്രിതല പഞ്ചായത്തുകൾ, എം.എൽ.എ, എംപി ഫണ്ടുകൾ വിവിധ സർക്കാർ ഏജൻസികളുടെ ഫണ്ടുകൾ എന്നിവ ഉപയോഗപ്പെടുത്തി അൽപ സ്വൽപം ഭൗതീക പുരോഗതി സ്കൂളിന് സ്വായക്ത മാക്കാൻ സാധിച്ചിട്ടുണ്ട് എങ്കിലും പരിസര പ്രദേശങ്ങളിലെ സർക്കാരിതര സ്ഥാപനങ്ങളിലെ സൗകര്യങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ നമ്മുടെ സ്ഥാപനം ഇനിയും ഏറെ മുന്നേറേണ്ടതായിട്ടുണ്ട്.

മുൻഗണനാ ക്രമത്തിൽ സ്കൂളിന്റെ ആവശ്യകതകൾ ലിസ്റ്റ് ചെയ്യുമ്പോൾ ഏറെ പ്രാധാനമർഹിക്കുന്നതാണ്. ഓപ്പൺ ഓഡിറ്റോറിയം, ആധുനിക സൗകര്യങ്ങളോടുകൂടിയ പാചകപുര, ബയോഗ്യാസ് പ്ലാന്റ് ,ആധുനിക ക്ലാസ്സ് മുറികൾ, കളിസ്ഥലം എന്നിവ അനുദിനം വികസിക്കുന്ന എടക്കര ടൗണിൽ 1.2 ഏക്കർ സ്ഥലത്ത് സ്ഥിതി ചെയ്യുന്ന ഈ സ്ഥാപനത്തിൽ നിലവിൽ LKG തലം മുതൽ ഹൈസ്കൂൾ തലം വരെയായി 1600 ൽ അധികം കുട്ടികൾ പഠനം നടത്തിവരുന്നതിൽ 8,9,10 ക്ലാസ്സുകളിലായി മാത്രം 670 ഓളം കുട്ടികൾ പഠിക്കുന്നു .സ്കൂൾ സ്ഥലത്തിന്റെ സിംഹഭാഗവും കെട്ടിടങ്ങളാൽ നിറഞ്ഞതിൽ തന്നെ അഞ്ചു ക്ലാസ്സ് മുറികൾ അടങ്ങുന്ന ഓടിട്ട കെട്ടിടം ജീർണ്ണാവസ്ഥയിലുള്ളതും ഗൗണ്ട് ഫ്ലോർ മാത്രമായുള്ളതുമാണ്. ഈ കെട്ടിടം നിലനിൽക്കുന്ന സ്ഥലം ശാസ്ത്രീയമായി ഉപകാരപ്പെടുത്തി 4 മുറികളുള്ള 3 നിലകളാക്കുകയും 4 നിലയിൽ ഒരു കോൺഫറൻസ് ഹാളും സജ്ജീകരിക്കാനായാൽ സ്കൂളിന്റെ ക്ലാസ്സ് റൂമുകളുടെ അപര്യാപ്തത ഒരു പരിധിവരെ പരിഹരിക്കാനാവുമെന്ന് ഉറപ്പാണ്.

സ്കൂളിന്റെ ഭൗതിക സാഹചര്യങ്ങളുടെ വികസനം ലക്ഷ്യം വെച്ച് പുതിയ ക്ലാസ്സ് മുറികൾ ഉൾപ്പെടെയുള്ളവയുടെ സമ്പൂർണ്ണ വൈദ്യുതികരണം, LCD പ്രോജക്ടറുകൾ, ലാപ്പ്ടോപ്പുകൾ എന്നിവ ഉപയോഗിക്കാൻ പര്യാപ്തമായ സ്മാർട്ട് റൂമുകളാക്കൽ, കേന്ദ്രീകൃത സൗണ്ട് സിസ്റ്റം .ബാത്ത്റൂം അറ്റാച്ച്ഡ് ക്ലാസ്സ് മുറികൾ,കുട്ടികളുടെ പഠനോപകരണങ്ങൾ,പോർട്ട് ഫോളിയോകൾ എന്നിവ അടുക്കി വെക്കുന്നതിനാവശ്യമായ ടൈൽ പാകിയ റാക്കുകൾ, എന്നിവ ക്ലാസ്സ് ണുറികളുടെ ഉള്ളിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന വികസന പ്രവർത്തനങ്ങളാണ്.

സ്കൂൾ പഠനപ്രവർത്തനങ്ങളുടെ അനുബന്ധ സൗകര്യങ്ങളായി ബയോളജി, കെമിസ്ട്രി, ഫിസിക്സ്, വിവിധ ഭാഷകൾ, ഐ.ടി എന്നിവക്ക് പ്രത്യേകമായ സജ്ജീകൃത അത്യന്താധുനിക സൗകര്യങ്ങളോടു കൂടിയ ലാബുകൾ ഗേൾസ് ആക്ടിവിറ്റി റൂം ,കായിക പരിപോഷണ റൂം, ആർട്ട്, ക്രാഫ്റ്റ്,കൾച്ചർ മുറികൾ ലൈബ്രറി കം റീഡിംഗ് റൂം, IED സ്മാർട്ട് റൂം എന്നിവയും ഞങ്ങളുടെ സ്വപന പദ്ധതികളാണ് .

ഭൗതിക സംവിധാനങ്ങളുടെ വികസനത്തിൽ ഗതാഗത സൗകര്യങ്ങൾക്കായി സ്കൂൾ ബസ്സുകൾ കളി സ്ഥലം, മൊത്തം സ്കൂൾ കെട്ടിടങ്ങളുടെ പെയിന്റിംഗ്, ചുറ്റുമതിലിന്റെ പുനരുദ്ധാരണം, പ്രവേശന കവാടം മാറ്റി സ്ഥാപിക്കൽ, പര്യാപ്തമായ ഗേൾസ്/ബോയ്സ് ടോയിലെറ്റുകൾ ,ഉച്ച ഭക്ഷണനിർമ്മാണ വിതരണത്തിനാവശ്യമായ പാത്രങ്ങൾ, നൈറ്റ് വാച്ച്മാന്റെ നിയമനം എന്നിവ ഇനിയും യാഥാർത്ഥ്യമാകേണ്ട പദ്ധതികളാണ്.

ഇത്തരം പദ്ധതികൾ സഫലമാക്കുന്നതിമാവശ്യമായ ഫണ്ടുകൾ ഈ സ്ഥാപനത്തിനനുവധിക്കുന്ന പക്ഷം ക്രിയാത്മകമായും സുതാര്യമായും അവ വിനിയോഗിക്കുമെന്നും അതുവഴി ഒരു സർക്കാർ സ്ഥാപനത്തിന് സ്വപ്ന തുല്യമായ ഒരു പുതിയമുഖം കൈവരിക്കുന്ന തരത്തിൽ RMSA പദ്ധതിയുടെ ലക്ഷ്യപൂർത്തീകരത്തിൽ മാതൃകാപരമായ ഒരു സ്ഥാപനമായി ഇതിനെ തീർക്കുന്നതിന് ആത്മാർത്ഥമായ പരിശ്രമം സ്കൂളിന്റെ ഭാഗത്തു നിന്നും ഉറപ്പ് നൽകികൊണ്ട് ഈ പദ്ധതി രൂപരേഖ ഞങ്ങളിവിടെ സമർപ്പിക്കുന്നു. അനുകൂല തുടർ നടപടികൾ ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു

## 2. ലക്ഷ്യങ്ങൾ

**1. ജനാധിപത്യ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് സർഗാത്മക പ്രവർത്തനങ്ങളിലൂടെ എല്ലാജനവിഭാഗങ്ങളെയും ഉൾകൊള്ളുന്ന സമഗ്രവും ഗുണാത്മകവുമായ വിദ്യാഭ്യാസം ഉറപ്പുവരുത്തുക**

**2. പാഠ്യ-പാഠ്യേതര സർഗാത്മകപ്രവർത്തനങ്ങൾക്കനുസരിച്ച് മികച്ച ഭൗതിക- സാമൂഹിക പശ്ചാത്തല സൗകര്യമൊരുക്കുക**

**3. ആധുനിക വിവര സാങ്കേതിക വിദ്യയുടെ ഗുണഫലങ്ങൾ ലഭ്യമാക്കുക**

## 3. വിദ്യാലയ ചരിത്രം

മലപ്പുറം ജില്ലയിലെ മികച്ച പഠനനിലവാരമുള്ള സ്കൂളുകളിലൊന്നായ എടക്കര ഗവൺമെന്റ് ഹയർസെക്കണ്ടറിസ്കൂൾ ഏകാധ്യാപക വിദ്യാലയമായി ആരംഭിച്ചതാണ്. യശശരീരനായ ശ്രി അപ്പു മുതലാളിയുടെ ഉടമസ്ഥതയിലായിരുന്ന സ്കൂൾ സ്വാതന്ത്രാനന്തരം മലബാർ ഡിസ്ട്രിക്ട് ബോർഡിന്റെ അംഗീകാരത്തോടെ യുപി സ്കൂളായി പ്രവർത്തനം തുടങ്ങി. 1947 ജൂൺ 29 ന് ഒന്നാം ക്ലാസ്സിൽ ചേർന്ന കണക്കൻ തൊടിക മുഹമ്മദ് മുതൽ ആയിരക്കണക്കിന് വിദ്യാർത്ഥികൾക്ക് വിജ്ഞാനം പകർന്നു നൽകിയ ഈ വിദ്യാലയം 1980.ൽ ഹൈസ്കൂളായും 2004 -ൽ ഹയർസെക്കണ്ടറി ആയും ഉയർന്നു. നാട്ടുകാർ കളിസ്ഥലമായി ഉപയോഗിച്ചിരുന്ന ഗ്രൗണ്ട് പഞ്ചായത്ത് മുഖേന സ്കൂളിന് വിട്ടുകിട്ടുന്നതിനും ഹയർസെക്കണ്ടറി ക്ലാസ്സ് മുറികൾ ഉണ്ടാക്കുന്നതിന് ഗ്രൗണ്ടിനോട് ചേർന്ന് വിവിധ ഘട്ടങ്ങളിലായി 42 സെന്റ് സ്ഥലം വാങ്ങിയെടുത്ത് ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകളുടേയും, എം.പി, എം.എൽ.എ മാരുടേയും ഫണ്ടുകൾ ഉപയോഗിച്ച് കെട്ടിടങ്ങൾ ഉണ്ടാക്കുകയും പി.ടി.എ ഭാരവാഹികളും, ജനപ്രതിനിധികളും അധ്യാപകരും ഉജ്ജ്വലമായി നേതൃത്വം നൽകുകയുമുണ്ടായി. അന്തരിച്ച ആദ്യ കാല പഞ്ചായത്ത് പ്രസിഡന്റ് ആയിരുന്ന എരഞ്ഞിക്കൽ കോയമാമു സാഹിബിന്റെ സ്മരണക്കായി 10 സെന്റ് സ്ഥലം സൗജന്യമായി സ്കൂളിന് നൽകിയത് ശ്രീ. വെണ്ണാലിൽ ജോസ് എന്നയാളാണ്.

# 4. അക്കാദമിക മികവുകൾ(അക്കാദമികം-മികവുകൾ)

മലപ്പുറം ജില്ലയിൽ നിലമ്പൂർ താലൂക്കിൽ എടക്കര പഞ്ചായത്തിൽ ഗവ :മേഖലയിൽ പ്രി പ്രൈമറി തലം മുതൽ ഹയർ സെക്കന്ററി തലം വരെയായി 2800 കുട്ടികൾ പഠനം നടത്തുന്ന ഒരു വിദ്യാലയമാണ് എടക്കരഗവ ഹയർ സെക്കന്ററി സ്കൂൾ. പഠന മേഖലയിൽ SSLC ക്ക് 100 ശതമാനം ശ്രദ്ധേയമായ നേട്ടങ്ങൾ ഇതിനകം നേടിയെടുത്ത ഈ സർക്കാർ വിദ്യാലയം പാഠ്യേതര-സാമൂഹിക മേഖലകളിലും ഏറെ മികവ് പുലർത്തുന്നു. ഇപ്പോൾ ഒന്നാം ക്ലാസുമുതൽ പത്താംക്ലാസ്സുവരെ മലയാള മീഡിയത്തിനു പുറമേ ഇംഗ്ലീഷ് മീഡിയം ക്ലാസ്സുകളും ഗവ. അംഗീകാരമുള്ള ഇംഗ്ലീഷ് പ്രീ-പ്രൈമറിയായും പ്രവർത്തിച്ചു വരുന്നു. സയൻസ്, കൊമേഴ്സ്, ഹ്യുമാനിറ്റീസ് എന്നിങ്ങനെ 6 ബാച്ചുകൾ പ്ലസ് ടു വിൽ നിലവിലുണ്ട്. ഇരു വിഭാഗങ്ങളിലുമായി കമ്പ്യൂട്ടറുകൾ സജ്ജീകരിച്ച ലാബുകളും, സ്മാർട്ട് ക്ലാസ്സ് റൂമുകളും നിലവിലുണ്ട്. ന്യൂനപക്ഷ വകുപ്പിന്റെ സഹായത്തോടു കൂടി പ്ലസ് ടു വിൽ ശീതീകരിച്ച സ്മാർട്ട് റൂം കുട്ടികൾക്കായി ഈ വർഷം ഒരുക്കിയിട്ടുണ്ട്. രണ്ട് തവണ നേടിയ മികച്ച പി.ടി.എ അവാർഡ് തുക ഉപയോഗിച്ച് ഹൈസ്കൂളിൽ കമ്പ്യൂട്ടർ ലാബ് മെച്ചപ്പെടുത്തുകയും , പ്ലസ് ടു വിൽ മികച്ച ലൈബ്രറിയും ചർക്ക എന്ന സംഘടന നിർമ്മിച്ചു നൽകിയ വിശാലമായ ലൈബ്രറി കെട്ടിടം ഹൈസ്കൂൾ വിഭാഗത്തിലും ഒരുക്കുന്നതിനും സാധിച്ചിട്ടുണ്ട്. എസ്.പി.സി, ലിറ്റിൽ കൈറ്റ്സ്, ജെ.ആർ.സി, എൻ.എസ്. എസ്, സ്കൗട്ട് & ഗൈഡ്, തണൽക്കൂട്ട് തുടങ്ങിയ ക്ലബുകൾ മികച്ച പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. എൻ.എസ്. എസ് കുട്ടികളുടെ നേതൃത്വത്തിൽ സഹപാഠിക്കൊരു സ്നേഹവീട് പദ്ധതി എടുത്തു പറയേണ്ട പ്രവർത്തനമാണ്. എല്ലാ വർഷവും എസ്.എസ്.എൽ.സി. പരീക്ഷയിൽ 100 ശതമാനം വിജയം. പിന്നാക്കക്കാർക്കു വേണ്ടി പ്രത്യേകം പരിശീലന ക്ലാസ്സുകൾ സംഘടിപ്പിക്കുന്നു.

## 5. അക്കാദമികം - പരിമിതികൾ

മലപ്പുറം ജില്ലയുടെ കിഴക്ക് ഭാഗത്ത് തീർത്തും മലയോരകുടിയേറ്റ മേഖലയായ എടക്കര പട്ടണത്തിന്റെ ഹൃദയ ഭാഗത്ത് സ്ഥിതി ചെയ്യുന്ന എടക്കര ഗവൺമെന്റ് ഹയർ സെക്കൻണ്ടറി സ്കൂൾ, എടക്കര ഗ്രാമ പഞ്ചായത്തിലെ പ്രമുഖമായ ഒരു വിദ്യാഭ്യാസ സ്ഥാപനമാണ്. L.K.G മുതൽ ഹയർ സെക്കൻണ്ടറി തലം വരെ അധ്യയനം നടത്തുന്ന ഈ സ്ഥാപനത്തിൽ പഠിക്കുന്ന ബഹുപൂരിപക്ഷം കുട്ടികളും സമൂഹത്തിന്റെ താഴെ തട്ടിൽ നിന്നും വരുന്ന കുട്ടികളാണ്. ഒട്ടേറെ പരിമിതികൾ ഇപ്പോഴും അക്കാദമിക രംഗത്തെ വളർച്ചയ്ക്ക് വിഘാതമായി നിൽക്കുന്നു.

1. പരിമിതമായ ലാബ് സൗകര്യം
2. കുട്ടികളുടെ പഠനോപകരണങ്ങളും ഉല്പന്നങ്ങളും സൂക്ഷിച്ചുവയ്ക്കുന്നതിന് സ്ഥലമില്ലാത്ത അവസ്ഥ
3. ആരോഗ്യ-കായിക വിദ്യാഭ്യാസത്തിന് സ്ഥലപരിമിതി തടസ്സമാകുന്നു.
4. ICT പഠനത്തിനാവശ്യമായ വിഭവങ്ങളുടെ കുറവ്. (സ്മാർട്ട് ക്ലാസ് റൂം.,
   ഹൈടെക് ക്ലാസ് റും, സ്.ഡി. ലൈബ്രറി, വീഡിയോ കോൺഫറൻസ് ഹാൾ തുടങ്ങിയവ)

# മാസ്റ്റർ പ്ലാൻ

# ഹൈസ്കൂൾ വിഭാഗം

# അക്കാദമികം

# 6. മലയാളം HS

**മേഖല: അക്കാദമികം** **ഉപമേഖല : മലയാളം**

| ക്രമ നം | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | ചുമതല |
|---|---|---|---|---|---|
| 1 | എല്ലാ കുട്ടികൾക്കും മലയാള ഭാഷ വശമാക്കാനുള്ള അടിസ്ഥാന ശേഷി വികസിപ്പിക്കൽ | **1**.പഠനനില കണ്ടെത്തുന്നതിന് വേണ്ടി പ്രാഥമിക പരീക്ഷ നടത്തുന്നു<br>2.ചിഹ്നം ചേർത്ത് വാക്കുകൾ നിർമ്മിക്കുക<br>3.സൂചനകൾ വികസിപ്പിച്ച് കുറിപ്പുകൾ നിർമ്മിക്കുക<br>4.ബാലകഥാപുസ്തകം നൽകുക<br>5.പവർ പോയിന്റ് സഹായത്തോടെ അക്ഷരങ്ങൾ ഉറപ്പിക്കുക | 2 മാസം | പുസ്തകങ്ങൾ<br>ICT | പി. ടി. എ<br>BRC<br>DIET<br>SCERT<br>PTA |

| ക്രമ നം | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | ചുമതല |
|---|---|---|---|---|---|
| 2 | കുട്ടിയെ മികച്ച വായനക്കാരനാക്കുക | 1. ആഴ്ചയിൽ ഒരിക്കൽ എല്ലാ ക്ലാസ്സിലും ലൈബ്രറി പീരീഡ്<br>2.വായനക്കൂട്ടം രൂപീകരിക്കൽ<br>3. വായനമൂല<br>4.ക്ലാസ് ലൈബ്രറി<br>5.സി ഡി ലൈബ്രറി<br>6.സ്കൂൾ ലൈബ്രറി നവീകരിക്കൽ<br>7.സമീപ ഗ്രന്ഥശാല അംഗത്വം<br>8.വായനോത്സവം സംഘടിപ്പിക്കൽ<br>9.പത്രവായന- ആഴ്ചയിൽ ഒരിക്കൽ ക്വിസ് മത്സരം<br>10.അമ്മ വായന<br>11.പുസ്തക ചർച്ച<br>12.വായനാനുഭവം പങ്കുവെക്കൽ<br>13.വായനാകുറിപ്പിന്റെ പതിപ്പ് തയ്യാറാക്കൽ<br>14.സ്കൂൾ സഭ<br>15.ആകാശവാണി ക്ലബ്ബ്<br>16.ദിനാചരണങ്ങൾ<br>17.സാഹിത്യകാരുമായുള്ള അഭിമുഖം<br>18.ആനുകാലിക പ്രസിദ്ധീകരണങ്ങളും വായനയും<br>19.ഇ- വായന (മഷിത്തണ്ട്, പുഴ.കോം )<br>20..കാവ്യക്കൂട്ടം | 6 മാസം | ക്ലാസ് ലൈബ്രറി<br>സ്കൂൾ ലൈബ്രറി<br>പത്രങ്ങൾ<br>ആനുകാലികങ്ങൾ<br>വായനാമുറി<br>കമ്പ്യൂട്ടർ<br>ഇന്റർനെറ്റ്<br>എ..ഐ അധിഷ്ഠിത സാങ്കേതിക വിദ്യകൾ | |

| ക്രമ നം | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | ചുമതല |
|---|---|---|---|---|---|
| 3 | കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക | 1.എഴുത്തുകൂട്ടരൂപീകരണം<br>2. കഥ-കവിത-ഉപന്യാസ മത്സരങ്ങൾ<br>3 .പ്രസംഗപരിശീലന ക്ലബ്<br>4. നാടകട്രൂപ്<br>5. എഡിറ്റോറിയൽ ബോർഡ്<br>6..ദിനപത്രങ്ങൾ ഇറക്കൽ<br>7.. പുസ്തക ചർച്ച<br>8..ക്ലാസ് ലൈബ്രറി<br>9..സി.ഡി ലൈബ്രറി<br>10.വായനക്കുറിപ്പ്- പതിപ്പ്<br>11. സഞ്ചരിക്കുന്ന ആസ്വാദനക്കുറിപ്പ് പുസ്തകം<br>12. വിവിധ സാഹിത്യ ശാഖകൾ പരിചയപ്പെടൽ<br>13. ഇൻലൻഡ് മാഗസിൻ<br>14. ചുമർ പത്രികാ പതിപ്പ് തയ്യാറാക്കൽ<br>15. വിവിധ തരം രചനകൾ - വ്യക്തിഗത രചന, സംഘ രചന<br>16. ഭാഷാ പ്രൊജക്റ്റ്<br>**17..**സാഹിത്യകാരന്മാരുമായുള്ള സംവാദം, അഭിമുഖം<br>18.രചയിതാക്കളെ പരിചയപ്പെടൽ<br>19. സാമൂഹിക - സാംസ്കാരിക ചിത്രഗാലറി<br>20.. സംഘബോധനം (TEAM TEACHING)<br>21., ഓൺലൈൻ ടീച്ചിങ് | 6 മാസം | പുസ്തകങ്ങൾ ജീവചരിത്രം ഗ്രന്ഥശാല ഐ.സി.ടി<br><br>എ.ഐ. സാങ്കേതിക സാധ്യതകൾ ഉപയോഗപ്പെടുത്തുന്നു | Teacher BRC<br><br>DIET<br><br>SCERT<br><br>PTA |

| ക്രമ നം | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | ചുമതല |
|---|---|---|---|---|---|
| 4 | ഭാഷ ഭേദങ്ങളെ പരിപോഷിപ്പിച്ചുകൊണ്ട് 'നല്ലഭാഷ' എന്ന ചിന്ത വളർത്താൻ | 1.നല്ല ഭാഷ ക്ലബ്<br>2.അധ്യാപകരുടെ മാതൃക | 6 മാസം | ലാംഗ്വേജ് ലാബ് | Teacher<br>BRC<br>DIET<br>SCERT<br>PTA |

| ക്രമ നം | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | ചുമതല |
|---|---|---|---|---|---|
| 5 | സിനിമ - നാടക മേഖലകൾ പരിചയപ്പെടുന്നതിന് | 1.നാടകട്രൂപ്പ്<br>2.ഷോർട് ഫിലിംനിർമ്മാണം<br>3.സിനിമ-നാടക സാഹിത്യകാരന്മാരുമായുള്ള അഭിമുഖം<br>4.ശില്പശാലകൾ | 6 മാസം | സി.ഡി. ലൈബ്രറി ക്യാമറ, സിനിമാ നാടക പുസ്തകങ്ങൾ | |

| ക്രമ നം | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 6 | കാലിക പ്രാധാന്യമുള്ള സാമൂഹ്യ വിഷയങ്ങളിൽ കുട്ടികളുടെ ക്രിയാത്മകമായ ഇടപെടൽ പ്രോത്സാഹിപ്പിക്കൽ | 1.സംവാദങ്ങൾ ,ചർച്ചകൾ<br>2.സാമൂഹിക പ്രതിബദ്ധതയുള്ള വിഷയങ്ങളുമായി ബന്ധിപ്പിച്ച ഫ്ലാഷ് മോബ്<br>3.സാഹിത്യകാരന്മാരുമായുള്ള സംവാദം, അഭിമുഖം | | Teacher | 2000 |

# 7. ഇംഗ്ലീഷ് HS

**8. മേഖല: അക്കാദമികം** **ഉപമേഖല : ഇംഗ്ലീഷ്**

| ക്രമ നം | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | എല്ലാ വിദ്യാർത്ഥികൾക്കും ഇംഗ്ലീഷ് ഭാഷ ഫലപ്രദമായി വായിക്കാനും എഴുതാനുമുള്ള ശേഷി വികസിപ്പിക്കുക | പ്രീ-ടെസ്റ്റ്<br>ചുമർ പത്രങ്ങൾ നിർമ്മിക്കുക<br>ദിനാചരണങ്ങൾ സംഘടിപ്പിക്കുക<br>പുസ്തക പരിചയം<br>വായനാക്കൂട്ടം രൂപീകരിക്കുക<br>വായനോത്സവം സംഘടിപ്പിക്കുക<br>ക്ലാസ്സ് /സ്കൂൾ ലൈബ്രറി രൂപീകരിക്കുക | ജൂൺ മുതൽ മാർച്ച് വരെ | Teachers selected students | 4000 |

| ക്രമ നം | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 2 | ആശയവിനിമയത്തിനുള്ള ശേഷി വികസിപ്പിക്കൽ. | ഡ്രാമ)സ്ക്രിപ്റ്റ് തയ്യാറാക്കൽ<br>സ്കിറ്റ് അവതരണം<br>പ്രധാന നിർദ്ദേശങ്ങൾ ഇംഗ്ലീഷിലും കൂടി എഴുതുക.<br>ഇംഗ്ലീഷ് പാട്ടുകൾ Animation films പ്രദർശനം , Games, short word puzzles, short stories- വായന, Cartoons എന്നിവയിലൂടെ ഇംഗ്ലഷ് പരിജ്ഞാനം വർദ്ധിപ്പിക്കുന്നു | ജൂൺ മുതൽ മാർച്ച് വരെ | Teacher | 2000 |

| ക്രമ നം | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 3 | ഇംഗ്ലീഷ് പദസമ്പത്ത് വർദ്ധിപ്പിക്കുക | ഇംഗ്ലീഷ് അസംബ്ലി<br>English News reading ക്ലാസ്സ് തലത്തിൽ<br>ഓരോ ദിവസവും ഓരോ New word പരിചയപ്പെടുക, പഠിക്കുക.<br>English wall magazines.<br>Famous poetic lines, quotations എന്നിവ എഴുതി ഒട്ടിക്കുക. | ആഴ്ചയിൽ ഒന്നു വീതം ജൂൺ മുതൽ മാർച്ച് വരെ | Teachers | |

| ക്ര മ നം | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 4 | സർഗ്ഗ ശേഷി വികസിപ്പിക്കുക | English Fest നടത്തുക.<br>English കയ്യെഴുത്ത് മാസിക തയ്യാറാക്കുക.<br>English Drama club രൂപീകരണം<br>Choreography.<br>Recitation Club.<br>English-Entry activity collections.<br>English seminar<br>Speech square | ജൂൺ മുതൽ ഡിസംബ ർ വരെ | English Teachers,, പി. ടി.എ എസ്.എം.സി | 10000 |

| ക്ര മ നം | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 5 | ഇംഗ്ലീഷ് അനായാസമായി കൈകാര്യ ചെയ്യാനുള്ള നൈപുണി വളർ ത്തുക | English -guest classes.<br>Peer teaching.<br>Role play.<br>Comic strips/ Cartoons<br>Group Discussion<br>**Spoken English classes. Pannel Discussion** | ഓഗസ്റ്റ്, ഫെബ്രുവ രി | English Teachers<br>English club | 10000 |

| ക്ര മ നം | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 6 | കുട്ടികളിൽ ആധുനിക വാർ ത്താവിനിമയ മാർ ഗ്ഗങ്ങളിലൂടെ ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യുന്നതിനുള്ള കഴിവ് വർ ദ്ധിപ്പിക്കുക. | Telephonic conversation.<br>Blogs, English Whats App groups<br>Language lab.<br>Greeting cards making.<br>Interviews, Video conference<br>Documentary films making. | ജൂലൈ മുതൽ മാർച്ച് വരെ | English Teachers<br>English club | 10000 |

# 8.ഹിന്ദി HS

## 9. മേഖല-:അക്കാദമികം ഉപമേഖല-: ഹിന്ദി

| ക്രമ നം | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | കാര്യക്ഷമമായ രീതിയിൽ ഹിന്ദി പഠനം സാധ്യമാക്കുക | ദിനാചരണവുമായി ബന്ധപ്പെട്ട പതിപ്പുകൾ, ഹിന്ദി അസംബ്ലി സംഘടിപ്പിക്കുക | ഓരോ മാസവും | ഹിന്ദി ക്ലബ്ബ് Subject council. | 2000 |

| ക്രമ നം | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 2 | സാഹിത്യാഭിരുചി വളർത്തൽ | രചനാ വർക്ഷോപ്പ്, (കവിത,നാടകം, കഥ, ലേഖനം തുടങ്ങിയവയിൽ) കവിയരങ്ങ് , ഹിന്ദി ഗാനമൽസരം തുടങ്ങിയവ സംഘടിപ്പിക്കുന്നു | വർഷത്തിൽ മൂന്നു തവണ | S R G, S S, Subject council, | PTA 2000/- |

| ക്രമ നം | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 3 | ഹിന്ദി ഭാഷാപ്രയോഗ ചാതുരി വളർത്തൽ | പ്രസംഗ മൽസരങ്ങൾ, സെമിനാർ, സ്കിറ്റ്, നാടക കളരി, ഹിന്ദി ഷോർട്ട് ഫിലിം പ്രദർശനം എന്നിവ സംഘടിപ്പിക്കുക, സ്പോക്കൺ ഹിന്ദി ക്ലാസുകൾ സംഘടിപ്പിക്കുക | | Subject council, PTA,S S ക്ലബ്, | PTA, രക്ഷിതാക്കൾ 2500/- |

| ക്രമ നം | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 4 | വായനാശീലം വളർത്തുക | ക്ലാസ് ലൈബ്രറിയിൽ ഹിന്ദി പുസ്തകങ്ങൽ ഉറപ്പാക്കുക, തിരഞ്ഞെടുത്ത പുസ്തകങ്ങളെ ആസ്പദമാക്കിയുള്ള ക്വിസ് മൽസരങ്ങൾ | ജൂൺ മാസം | ക്ലാസ്സ് തലം, S R G | 5000/- |

| ക്രമ നം | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 5 | സർഗശേഷി വളർത്തുക | ഹിന്ദി സാഹിത്യോൽസവം സംഘടിപ്പിക്കുന്നു | സെപ്റ്റംബർ, ഒക്ടോബർ | ഹിന്ദി അധ്യാപകർ സ്കൂൾ തലം | 10000 |

# 9. സോഷ്യൽ സയൻസ് - H S

## 10. മേഖല-:അക്കാദമികം ഉപമേഖല-: സോഷ്യൽ സയൻസ്

| ക്രമ നം | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | പഠിതാക്കളെചരിത്ര അവബോധം ഉള്ളവരാക്കുക, ചരിത്രബോധത്തിൽ നിന്നും ഭാവി രൂപപ്പെടുത്തുക | **കാടും മേടും** :- ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുന്നു. **വയൽകിളികൾ:-** സാമൂഹ്യശാസ്ത്രത്തിൽ അടിസ്ഥാനപരമായ അറിവുകൾ ഇല്ലാത്ത പഠിതാക്കളെ കേന്ദ്രീകരിച്ച് പഠനട്രിപ്പുകൾ | അക്കാദമിക വർഷത്തിനുള്ളിൽ നിശ്ചയിച്ച തീയ്യതികളിൽ | S S ക്ലബ്, Subject council. | 10000 |

| ക്രമ നം | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 2 | ജനാധിപത്യം ഒരു ജീവിതശൈലിയായി മാറ്റിയെടുക്കുക, പൗരബോധം, മൂല്യബോധം ഇവ വളർത്തുക | **ഒന്നായി നമ്മൾ:-** സ്കൂൾ പാർലമെന്റ്, മോക്ക് പാർലമെന്റ്, പൗരബോധം, സാമൂഹ്യസേവനം ഇവയ്ക്കായുള്ള പ്രവർത്തനങ്ങൾ നടത്തുന്നു. | പ്രത്യേകം തിരഞ്ഞെടുത്ത ദിനങ്ങളിൽ | സാമൂഹ്യശാസ്ത്ര അധ്യാപകർ | സ്കൂൾ, കുട്ടികൾ, സുമനസ്സുകൾ |

| ക്രമ നം | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 3 | മതേതരത്വം, സഹിഷ്ണുത എന്നിവ വളർത്തി ക്രിയാത്മക പ്രവർത്തനത്തിലൂടെ വളരുക, സാമൂഹ്യ പരിഷ്കർത്താക്കളെ പരിചയപ്പെടുക | **ചരിത്രം ഉറങ്ങുന്ന മണ്ണിലൂടെ:-** സർവ്വേ, പ്രൊജക്ട്, ചർച്ചകൾ, സംവാദം, ക്ലാസുകൾ, അഭിമുഖങ്ങൾ, എന്നിവയിലൂടെ കുട്ടികൾക്ക് അറിവു ലഭിക്കുന്ന പ്രവർത്തനങ്ങൾ | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | |

| ക്രമ നം | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 4 | കുട്ടികളിൽ ഭൂപടവായന വളർത്തുക, സ്ഥലനിർണയം നടത്തുവാൻ പഠിക്കുക | **പട്ടുപാതയിലൂടെ:-** ഭൂമിശാസ്ത്ര പരമായ കാര്യങ്ങൾ കിട്ടികളെ പഠിക്കാൻ സഹായിക്കുന്നു. അറ്റലസ്, മാപ്പുകൾ, ഗ്ലോബ് എന്നിവ പരിചിതമാക്കുന്നു. ഭൂപടവായന പ്രോൽസാഹിപ്പിക്കുന്ന കൂടുതൽ പ്രവർത്തനങ്ങൾ നടത്തുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര ക്ലബ് | |

| ക്ര മ നം | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 5 | കുട്ടികളിൽ ഉന്നത നിലവാരം കൈവരിക്കാൻ ഉതകുന്നു പൊതുവിജ്ഞാന ം വളർത്തുക | **മൈ സിനിമ റൂം:-** പ്രശ്നോത്തരി ദിനാചരണങ്ങൾ, സംവാദം എന്നിവ നടത്തുന്നു. വീഡിയോ പ്രദർശനം, പ്രോജക്ട് റൂം , ചരിത്ര സിനിമ പ്രദർശനം | അക്കാദമി ക വർഷം | Subject council, | 5000 |

# 10 ഗണിത ശാസ്ത്രം HS

11. മേഖല: അക്കാദമികം ഉപമേഖല : ഗണിത ശാസ്ത്രം

| ക്ര മ നം | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | എല്ലാ കുട്ടികൾക്കും ഗണിത ശാസ്ത്രത്തിലെ അടിസ്ഥാന ക്രിയകൾ അനായാസം ചെയ്യാനുള്ള കഴിവുണ്ടാക്കുക | സങ്കലന,ഗുണന പട്ടികകൾ മനപാഠമാക്കാൻ കുട്ടികളെ സഹായിക്കുക.അതിനായി ICT ഉപയോഗപ്പെടുത്താം. സങ്കലനവും വ്യവകലനവും ഗുണനവും ഹരണവും ഉൾപ്പെടുന്ന ചില ഗണിത കളികൾ പഠന മുറികളിൽ സജ്ജീകരിക്കുകയോ അലെങ്കിൽ ഓരോ വിദ്യാർത്ഥിക്കും Tablet Computers നൽകുകയോ ചെയ്യാം . വേദഗണിത ക്രിയകൾ പഠനമുറികളിൽ പരിചയപ്പെടുത്താം . | എല്ലാ ആഴ്ചയിലും ഒരു പിരീഡ്. | ഗണിത അധ്യാപിക | 30000 |

| ക്ര മ നം | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 2 | നിത്യ ജീവിതത്തിൽ ഗണിതാശയങ്ങളുടെ പ്രസക്തിയെ കുറിച്ച് ആവബോധം വളർ ത്തുക | ഗണിതാശയങ്ങൾ ഉപയോഗിച്ചുള്ള പ്രോജക്ട് വർക്ക് കുട്ടികൾക്ക് സ്വന്തമായി ചെയ്യാനുള്ള കഴിവ് ഉണ്ടാക്കിയെടുക്കാനാവശ്യ മായ സഹായം ചെയ്തു കൊടുക്കുക. നിത്യജീവിതവുമായി ബന്ധപ്പെടുത്തി പ്രോജക്ട് വർക്കുകൊടുക്കുക. സെമിനാർ സംഘടിപ്പിക്കുക | 2 ആഴ്ചയി ലൊരിക്കൽ ഒരു പിരീഡ് അനുവദിക്ക ണം ഫീൽഡ് ട്രിപ്പ് സംഘടിപ്പി ക്കുക | SRG, Subject Council ഗണിതശാസ്ത്ര വിദഗ്ദ്ധർ | 5000 |

| ക്രമ നം | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 3 | ഗണിത ശാസ്ത്രത്തിലെ പ്രത്യേക പദങ്ങളും ചിഹ്നങ്ങളും ആശയങ്ങളും തത്ത്വങ്ങളും അവയുടെ തെളിവുകളും മനസ്സിലാക്കാനുള്ള കഴിവ് ഉണ്ടാക്കിയെടുക്കുക. | പദങ്ങളും ആശയങ്ങളും കുട്ടികളിൽ എത്തിക്കാൻ ബ്ലാക്ക് ബോഡും ചോക്കും മാത്രമുപയോഗിക്കാതെ Modern Technology കൾ ഉപയോഗിക്കാം. ഉപതത്ത്വങ്ങളും അവയുടെ തെളിവുകളും പ്രോജക്റ്റർ , കമ്പ്യൂട്ടർ എന്നിവയുടെ സഹായത്താൽ ചിത്രങ്ങൾ ഉപയോഗിച്ച് വിശദീകരിക്കാം .പഠന പിന്നോക്കം നിൽക്കുന്ന കുട്ടികളെ മിടുക്കരായ കുട്ടികൾക്ക് എൽപ്പിച്ച് കൊടുത്ത് അധ്യാപകരുടെ മേൽനോട്ടത്തിൽ അവരെ മുന്നോക്കാവസ്ഥയിലെത്തിക്കാൻ ആവശ്യമായ വർക്ക്ഷീറ്റുകളോ സീഡികളോ നിർമ്മിച്ച് നൽകുക | എല്ലാ ഗണിത പീരിയഡുകളിലും | ഗണിത അധ്യാപിക | 400000 |

| ക്രമ നം | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 4 | ഹൈടെക് സംവിധാനങ്ങളുപയോഗിച്ച് ഗണിതാഭിരുചി വളർത്തുക | ഗണിതാശയങ്ങൾ ഉപയോഗിച്ചുള്ള പ്രോജക്ട് വർക്ക് കുട്ടികൾക്ക് സ്വന്തമായി ചെയ്യാനുള്ള കഴിവ് ഉണ്ടാക്കിയെടുക്കാനാവശ്യമായ സഹായം ചെയ്തു കൊടുക്കുക. നിത്യജീവിതവുമായി ബന്ധപ്പെടുത്തി പ്രോജക്ട് വർക്കുകൊടുക്കുക. സെമിനാർ സംഘടിപ്പിക്കുക. | ആഴ്ചയിൽ 2 പിരീഡ്. | I CT വിദഗ്ധർ<br>ഗണിത അധ്യാപിക | |

**നിർദ്ദേശങ്ങൾ**

ഗണിത ശാസ്ത്ര ലാബ് ഒരുക്കുകയോ ഓരോ ഗണിത അദ്ധ്യാപകർക്കും ലാബ് സൗകര്യങ്ങളോടു കൂടിയ റൂം ഒരുക്കുകയോ ചെയ്താൽ ഗണിത പിരിഡ് കുട്ടികൾ ആ ക്ലാസ്സ് റൂമിൽ എത്തുന്ന തരത്തിൽ സംവിധാനം ചെയ്യുക.

## 11 ഫിസിക്കൽ സയൻസ് /കെമിസ്ട്രി – HS

## 12. മേഖല: അക്കാദമികം ഉപമേഖല : ഫിസിക്കൽ സയൻസ് /കെമിസ്ട്രി

| ക്രമ നം | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | കുട്ടികളിൽ ശാസ്ത്രാഭിരുചിയും അന്വേഷണ ത്വരയും വളർത്തുക | സയൻസ് ക്ലബ്ബ്<br>Science funs<br>ദിനാചരണങ്ങൾ<br>Science Book Review | മാസത്തിൽ 1, വർഷത്തിൽ 2 | സയൻസ് ടീച്ചർ<br>PTA<br>എസ്. ആർ. ജി. , സബ്ജറ്റ് കൗൺസിൽ | 25000/- |

| ക്രമ നം | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 2 | ശാസ്ത്രീയമായ അറിവും തത്ത്വങ്ങളും മനസ്സിലാക്കുന്നതിലൂടെ ആർജിക്കുന്ന കഴിവുകളുപയോഗിച്ച് പരിചിതവും അപരിചിതവുമായ പ്രശ്നങ്ങൾ പരിഹരിക്കാൻ പ്രാപ്തരാക്കുക | പ്രോജക്ടുകൾ<br>സയൻസ് ക്ലബ്ബ്<br>AI ഉപയോഗിച്ചുള്ള പ്രസന്റേഷൻ | 2 weeks<br>once monthly | സയൻസ് ടീച്ചർ<br>SRG | |

| ക്രമ നം | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 3 | ശാസ്ത്രത്തിന്റെ സാധ്യതകളും പരിമിതികളും സാങ്കേതിക വളർച്ചയുള്ള അതിന്റെ സംഭാവനകളേയും അംഗീകരിയ്ക്കുന്നതിനുള്ള കഴിവ് നേടുന്നതിന്. | Field trips | 2<br>1 | സയൻസ് ടീച്ചർ | 10000/- |

| ക്രമ നം | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 4 | ശാസ്ത്ര ഭാഷയിലൂടെ വിവരവിനിമയം നടത്തുന്നതിന് പ്രാപ്തി നേടൽ | സയൻസ് ജേണലുകൾ എഴുതുന്നു. | | സയൻസ് ക്ലബ്ബ് | |

| ക്ര മ നം | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 5 | ശാസ്ത്രവും സമൂഹവുമായ ള്ള അഭേദ്യ ബന്ധം , സാങ്കേതിക വിദ്യയും മനസ്സിലാക്കുന്ന തിന്. | സെമിനാറുകൾ | നവംബർ മാസം | സയൻസ് ടീച്ചർ | 10000/- |

| | | | | | |
|---|---|---|---|---|---|
| | | | | | |
| | | | | | |

| ക്ര മ നം | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 6 | ശാസ്ത്രജ്ഞൻമാരുടെ സംഭാവനകളെ കുറിച്ച് അറിയാനും അഭിനന്ദിയ്ക്കാനമുള്ള അവസരങ്ങൾ ലഭ്യമാക്കുക | ശാസ്ത്ര ആൽബം | | ടീച്ചർ, P T A | 10000/- |

| ക്ര മ നം | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 7 | പ്രപഞ്ച രഹസ്യങ്ങളെ കുറിച്ച് മനസ്സിലാക്കുക താൽ പര്യം വളർത്തുക | സ്കൂളിൽ മിനി പ്ലാനറ്റോറിയം. I CT യിലൂടെ പ്രദർശിപ്പിക്കുന്നു | | Government | 500000/- |

## 12 ബയോളജി – H S

### 13. മേഖല: അക്കാദമികം ഉപമേഖല : ബയോളജി

| ക്രമ നം | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | പരിസ്ഥിതി സൗഹാർദ്ദ മനോഭാവവും ശീലങ്ങളും വളർത്തൽ | Feild Trip നടത്തൽ.<br>Epic App ഉപയോഗിച്ച് Survey നടത്തൽ | ജൂൺ- | ടീച്ചർ,<br>PTA | 10000 |

| ക്രമ നം | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 2 | പരിസ്ഥിതി സംരക്ഷണ മനോഭാവം വളർത്തുക | നിർമ്മാണം.<br>പരിസ്ഥിതി സംരക്ഷണം സംബന്ധിച്ച് സെമിനാർ അവതരണം.<br>പരിസ്ഥിതി സംരക്ഷണവുമായി ബന്ധപ്പെട്ട് പ്രൊജക്ട് അവതരണം.<br>നാച്ച്വർ ക്ലബ് രൂപീകരിക്കൽ<br>ഇക്കോ ക്ലബ് രൂപീകരിക്കൽ<br>കൃഷിയിലേർപ്പെടൽ<br>Feild Trip | ജൂൺ-<br>സെപ്റ്റംബർ<br>എല്ലാ വർഷവും | ടീച്ചർ,<br>PTA<br>കൃഷി ഓഫീസർ<br>ടീച്ചർ, ഫോറസ്റ്റ് ഓഫീസർ | 10000 |

| ക്രമ നം | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 3 | സസ്യ ജന്തു ശരീര ധർമ്മ ശാസ്ത്രങ്ങളെക്കുറിച്ച് അറിവും അവബോധവും വളർത്തൽ | പരീക്ഷണപ്രവർത്തനങ്ങൾ( ഓരോ കുട്ടിയും) പരീക്ഷണത്തിലേർപ്പെന്നു.<br>മോഡൽ നിർമ്മാണം.<br>ചാർട്ട് നിർമ്മാണം.<br>വീഡിയോ നിർമ്മാണം ചിത്രം വരച്ച് അടയാളപ്പെടുത്തൽ.<br>Specimen ശേഖരണങ്ങൾ.<br>പോസ്റ്റർ നിർമ്മാണം.<br>ആൽബം നിർമ്മാണം. | എല്ലാ വർഷവും | ടീച്ചർ,<br>PTA | 50000/- |

| ക്രമ നം | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 4 | ആരോഗ്യ സംരക്ഷണത്തെ കുറിച്ചും, രോഗപ്രതിരോധ മാർഗങ്ങളെ കുറിച്ചും അവബോധമുണ്ടാക്കൽ. | സെമിനാറുകൾ അവതരിപ്പിക്കൽ.<br>വീഡിയോ പ്രദർശനങ്ങൾ.<br>ബോധവൽക്കരണ പോസ്റ്റർ നിർമ്മാണം.<br>ആരോഗ്യ പ്രവർത്തകരുമായി സഹകരിച്ചു കൊണ്ട് മെഡിക്കൽ ക്യാമ്പ്.<br>പ്രാഥമിക ചികിൽസ.<br>രക്തഗ്രൂപ്പ് നിർണയ ക്യാമ്പ് | | ഡോക്ടർ<br>ടീച്ചർ | 50000 |

## 13 അറബി -LP,UP,HS

## 14. മേഖല: അക്കാദമികം ഉപമേഖല :അറബി

**ആമുഖം**

പഠന ബോധന പ്രക്രിയയിൽ ഭാഷാ പഠനത്തിന്റെ പ്രാധാന്യവും അനിവാര്യതയും ഏറെ വലുതാണ്.ശാസ്ത്ര-സാമൂഹ്യ ശാസ്ത്ര-ഗണിത വിഷയങ്ങളിൽ എത്ര തന്നെ പ്രാവിണ്യവും വൈദഗ്ധ്യവും നേടിയ ഒരു വിദ്യാർത്ഥിയ്ക്കും അവന്റെ ഉള്ളറിവുകൾ പ്രകാശിപ്പിയ്ക്കാൻ ഭാഷാചാതുരി, ഭാഷാവൈഭവം എന്നിവ കൂടിയേ തീരൂ.. എന്നാൽ ഭാഷാ പഠനത്തിന്റെ ഈ പ്രത്യേകതയും അനിവാര്യതയും ബോധ്യപ്പെടുന്നതിൽ സമൂഹവുംഅതിനനുസരിച്ച് ഭാഷാ പഠനത്തിന് അത്യന്താപേക്ഷിതമായ ആധുനിക സംവിധാനങ്ങൾ ഒരുക്കുന്നതിൽവേണ്ടത്ര പ്രാമുഖ്യം നൽകാൻ നമ്മുടെ ഭരണ സംവിധാനങ്ങളും നാളിതു വരെ തയ്യാറായിട്ടില്ലെന്നത് ഒരു വസ്തുത മാത്രമാണ്. ഇത്തരത്തിൽ ഭാഷാ പഠനത്തിന്റെ അനിവാര്യത സമൂഹത്തെ കൂടുതൽ ബോധ്യപ്പെടുത്താനും കൂടുതൽ ശാസ്ത്രീയ സംവിധാനങ്ങളിലൂടെ നമ്മുടെ വിദ്യാലയങ്ങളിലെ ഭാഷാ പഠനം ശിശു സൗഹ്യദവും ആകർഷണീയവുമാക്കുന്നതിനാവശ്യമായ ചുവടു വെയ്പ്പുകൾക്ക് ഇനിയും ഗതിവേഗം കൈവരിക്കേണ്ടതുണ്ട്. ഇന്ന് കേരളത്തിൽ പഠിപ്പിയ്ക്കപ്പെടുന്ന ഭാഷകളിൽ ഇംഗ്ലീഷിനോടൊപ്പം പ്രാധാന്യമർ ഹിക്കുന്നതാണ് അറബി ഭാഷാപഠനവും. ഐക്യരാഷ്ട്ര സഭ അംഗീകരിച്ച ആറു ഭാഷകളിൽ ഒന്നെന്ന നിലയ്ക്കും, ആഗോളവൽക്കരണത്തിന്റെ നല്ല സാധ്യതകളിൽ ഒന്നായ ഭാഷാ വിനിമയ സാധ്യതാ വളർച്ചയുടെ ഭാഗമെന്നോണം ഒരു അന്താരാഷ്ട്ര ഭാഷയായ അറബിയുടെ വാണിജ്യ-വ്യവസായിക ,ഭരണ, നയതന്ത്ര, വിദ്യാഭ്യാസ, സാംസ്കാരിക പ്രാധാന്യം ഉച്ചസ്ഥായിയിലാണിന്ന്. എന്നാൽ അറബി ഭാഷാ പഠനത്തിന്റെ തൊഴിൽ – നയതന്ത്ര രംഗങ്ങളിലെ ഈ പ്രാധാന്യം തൃണവൽക്കരിക്കപ്പെടുകയും , തികച്ചും സങ്കുചിതമായ ചില വേലിക്കെട്ടുകൾക്കുള്ളിൽ ഈ ഭാഷയുടെ സാധ്യത പരിമിതപ്പെടുത്തുകയും ചെയ്യുക എന്നത് എത്ര മാത്രം അക്ഷന്തവ്യമല്ല.

## ലക്ഷ്യങ്ങൾ

1. മാതൃഭാഷാ പഠനത്തെ അപേക്ഷിച്ച് വ്യത്യസ്ത പരിസ്ഥിതിയിലുള്ള അറബി ഭാഷാ പഠനത്തിന് സ്വാഭാവിക പരിസ്ഥിതി സൃഷ്ടിക്കുക.
2. ഒരു വിദേശ ഭാഷാ എന്ന നിലയിൽ ഭാഷയുടെ ശൈലി , പ്രയോഗരീതി, അവതരണം എന്നിവ അതിന്റെ സ്വാഭാവിക തനത് സാഹചര്യത്തിൽ തന്നെ സ്വായത്തമാക്കാനുള്ള അവസ്ഥ സൃഷ്ടിക്കുക
3. ഭാഷാ പഠന രംഗത്തെ അശാസ്ത്രീയ രീതികളാൽ സംജാതമായ അനാകർഷണീയത നീക്കാനും ഭാഷാ പഠനം കൂടുതൽ ആകർഷണീയവും ശിശു സൗഹൃദപരവുമാക്കുന്നതിന് അവസരമൊരുക്കുക.
4. പ്രാഥമിക തലത്തിൽ ഭാഷാ പഠനത്തിന്റെ മൂല ശിലകൾ കുട്ടിയുടെ മനസ്സിൽ കൂടുതൽ ശക്തമായും ഗൗരവതരമായും ഉറപ്പിയ്ക്കുന്നതിന് LSRW വിന്റെ പ്രായോഗിക ക്ലാസ്സ് റും പ്രവർത്തനങ്ങൾ കൂടുതൽ ശാസ്ത്രീയമാക്കുക
5. ദ്വിതീയ ഘട്ടം ക്ലാസ്സുകളിൽ ഭാഷാ പഠനം വ്യക്തിഗതമായി നിർവ്വഹിക്കുന്നതിന് സാധിക്കുമാറ് കുട്ടികൾക്ക് ആവശ്യമായ വിഭവങ്ങൾ ലഭ്യമാക്കുക

6. സ്കൂൾ പഠന കാലം തീരുന്ന മുറക്ക് ഭാഷാ പഠനത്തിന്റെ തൊഴിൽ സാധ്യതകളും ഉപരിപഠന സാധ്യതകളും സ്വയം വിലയിരുത്താനും സ്വന്തം മേഖല തിരഞ്ഞെടുക്കുന്നതിനും ശേഷി കുട്ടികളിൽ സൃഷ്ടിക്കുക

7. ഭാഷാ പഠനത്തിലെ സാമ്പ്രദായിക രീതികൾ പരിഷ്കരിച്ച് അത്യാധുനിക പഠന രീതികളും അന്താരാഷ്ട്ര നിലവാരത്തിലുള്ള സൗകര്യങ്ങളും തയ്യാറാക്കുക.

8. സംസ്കാരങ്ങളുടെ അന്തസത്തയും നൈതികതയും പരസ്പരം വിനിമയം ചെയ്യപ്പെടുമാറ് ഭാഷാന്തരണ നൈപുണി വികസിപ്പിക്കുക.

| ക്ര മ നം | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | പ്രൈമറി ക്ലാസ്സുകളിൽ ഉദ്ദിഷ്ട ഭാഷാ നൈപുണി (LSRW) സ്വായത്തമാക്കലും അരക്കിട്ടുറപ്പിക്കലും | പ്രൈമറി തലത്തിൽ വിവിധ ഭാഷകളിൽ, പദ്യങ്ങൾ, ആംഗ്യപ്പാട്ടുകൾ എന്നിവ നടത്തുന്നു. | 2 മാസം | അധ്യാപകർ രക്ഷിതാക്കൾ PTA | 2000 |

| ക്ര മ നം | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 2 | സെക്കണ്ടറി തലത്തിൽ ഭാഷണം,വായന, ,എഴുത്ത് എന്നി നൈപുണികളുടെ വികാസം | പ്രകൃത്യാ സാഹചര്യം ഒരുക്കി ക്ലാസ്സ് റൂമുകൾ അറബി തനിമയിൽ തന്നെ പഠന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.സംവാദം, പ്രസംഗം ,മാഗസിൻ,ലഘുലേഖ,നോട്ടീസ് ,ബ്രോഷർ ,പരസ്യം ,ചർച്ചാ .നിരൂപണം എന്നിവ.......... | 2 മാസം | അധ്യാപകർ രക്ഷിതാക്കൾ PTA | 5000 |

| ക്ര മ നം | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 3 | ഭാഷാ വ്യാകരണത്തിൽ അവഗാഹം സൃഷ്ടിക്കുക. | ഭാഷാവ്യവഹാരം കാര്യക്ഷമമാക്കുന്നതിന് അത്യന്താപേക്ഷിതമായ വ്യാകരണ നിയമങ്ങൾ സ്വായത്തമാക്കാൻ ഉദ്ദേശിച്ചുള്ള പ്രവർത്തനങ്ങൾ | 2 മാസം | അധ്യാപകർ രക്ഷിതാക്കൾ PTA | 5000 |

| ക്ര മ നം | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 4 | അകൃത്രിമവും സ്വാഭാവികവുമായ അറബി ഭാഷാ സാഹചര്യം സൃഷ്ടിക്കുക. | പൂർണ്ണവും സുസജ്ജവുമായ ഒരു ഭാഷാലാബിന്റെ സംസ്ഥാപന വഴി കുട്ടിക്ക് വ്യക്തിഗതമായി ഉപയോഗപ്പെടുത്താൻ സാധിക്കുമാറ് ഭാഷാ ലാബിന്റെ പ്രവർത്തനം സംഘടിപ്പിക്കുന്നു | അധ്യയനവർഷം പൂർണ്ണമായും | അധ്യാപകർ PTA മറ്റു സാമ്പത്തിക ഏജൻസികൾ | |

| ക്ര മ നം | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 5 | ഭാഷാ വിനിമയ സാഹചര്യം വിപുലപ്പെടുത്തൽ | അറബി ഭാഷാ പഠനം ജനകീയവും പുനരുൽപ്പാദകവും ശിശു സൗഹൃദ-കേന്ദ്രീകൃതവുമാക്കുന്നതിനായി , ശിൽപ്പശാലകൾ , വിവിധ മത്സരങ്ങൾ, ഭാഷാ കളരികൾ,ഭാഷാ സെമിനാറുകൾ എന്നിവ സംഘടിപ്പിയ്ക്കുന്നു. | അധ്യയനവർഷം പൂർണ്ണമായും | അധ്യാപകർ PTA രക്ഷിതാക്കൾ മറ്റു ഏജൻസികൾ, ഡിപ്പാർട്ട്മെന്റ് | |

| ക്ര മ നം | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 6 | വായന, ഗവേഷണത്വര എന്നിവയുടെ പരിപോഷണവും അതിനാവശ്യമായ അനുകൂല സാഹചര്യം നിർമ്മിക്കലും. | പര്യന്വേഷണവും പാണ്ഡിത്യവും നിർമ്മിതിയും ലക്ഷ്യമാക്കി വിസ്തൃതവും സമഗ്രവും സ്ഥൂലവും സർവ്വതല സ്പർശിയുമായ ഒരു പൂർണ ലൈബ്രറി സംവിധാനം തയ്യാറാക്കുന്നു. അറിവ് നിർമ്മാണ പ്രക്രിയയ്ക്ക് ഉപയുക്ത മാകും വിധം വിനിയോഗിക്കുന്നു. | വർഷം മുഴുവൻ | അധ്യാപകർ PTA രക്ഷിതാക്കൾ,പ്രാദേശിക വിഭവ വിതരണക്കാർ. | |

| ക്ര മ നം | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 7 | കലാ സാഹിത്യ മേഖലയിലേയ്ക്കുള്ള കാൽ വെയ്പ്പ്. | കഥ, കവിത, ലേഖനം, വിവർത്തനം , ആവിഷ്കാരം , നാടകം തുടങ്ങിയ മേഖലകളിൽ അറബി ഭാഷാധിഷ്ഠിത അഭിരുചി വളർത്തിയെടുത്ത് നൂതനവും തനതുമായ പുതിയ സൃഷ്ടികൾ യാഥാർത്ഥ്യമാക്കുന്നതിനായി പരിശീലിപ്പിക്കുന്നു. | വർഷത്തിൽ ഒരിക്കൽ | അധ്യാപകർ PTA രക്ഷിതാക്കൾ, പ്രാദേശിക ഭാഷാ വിദഗ്ധർ. | |

| ക്ര മ നം | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 8 | ഭാഷാ പഠനസാധ്യതയുടെ നേരറിവുകൾ അനുഭവവേദ്യമാക്കുക. | അറബി ഭാഷാ പഠനത്തിന്റെ പ്രായോഗിക സാധ്യതകൾ നേരിട്ടനുഭവിച്ചറിയാൻ സാധിക്കുമാറ് അറബി ഭാഷാ ഉന്നത പഠന കേന്ദ്രങ്ങൾ, അറബി ഭാഷാ ബന്ധിത ചരിത്ര പ്രധാന സ്ഥലങ്ങൾ, വ്യക്തികൾ ഭാഷോൽപ്പന്നങ്ങളുടെ ചരിത്ര രേഖകൾ ശേഖരിക്കപ്പെട്ട ഇടങ്ങൾ എന്നിവിടങ്ങളിലേയ്ക്ക് ഫീൽഡ് ട്രിപ്പ്, പഠന യാത്ര എന്നിവ സംഘടിപ്പിക്കുന്നു. | വർഷത്തിൽ ഒരിക്കൽ | അധ്യാപകർ PTA രക്ഷിതാക്കൾ, | 50000 |

| ക്ര മ നം | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 10 | ഭാഷാ ചാതുരി,സാഹത്യാഭിരുചി എന്നിവയുടെ പരിപോഷണം | സാഹിത്യ സമാജങ്ങൾ, പ്രസംഗ കളരി, ചുമർ ചിത്രങ്ങൾ , ലഘു മാഗസിനുകൾ, ക്ലാസ്സ് സുവനീർ, ബ്രോഷറുകൾ, ആശംസാ കാർഡുകൾ എന്നീ വിവിധ പ്രസിദ്ധീകരണങ്ങളിലൂടെ ഭാഷാ പ്രയോഗ സാധ്യതകൾക്കവസരം നൽകുന്നു | അധ്യയനവർഷം പൂർണ്ണമായും | അധ്യാപകർ , കുട്ടികൾ | നോട്ടീസ് ബോർഡ് നിർമ്മാണ സാമഗ്രികൾ |

| ക്ര മ നം | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 11 | ഭാഷാ വിനിമയ സാധ്യതാ വികസനം | മുഴുവൻ അറബി പ്രസിദ്ധീകരണങ്ങളാൽ സമ്പന്നമായൊരു വായനാ കോർണർ സ്ഥാപിക്കുന്നു. കൂടാതെ അറബി ഭാഷാ വാചിക വിനിമയ കോർണർ സ്ഥാപിക്കുന്നു. | അധ്യയനവർഷം പൂർണ്ണമായും | അധ്യാപകർ PTA രക്ഷിതാക്കൾ | 5000 |

| ക്ര മ നം | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 12 | ഭാഷാ നൈപുണി പൊതു സമക്ഷം അവതരിപ്പിക്കുന്നു. | അറബി ഭാഷാധിഷ്ഠിത സ്കൂൾ അസംബ്ലികൾ നടത്തി കുട്ടികളുടെ ഭാഷാ നൈപുണ്യം തങ്ങളുടെ സതീർത്ഥ്യർക്ക് മുന്നിൽ അവതരിപ്പിക്കാനുള്ള അവസരമൊരുക്കുന്നു. | 3 മാസത്തിൽ ഒരിക്കൽ | അധ്യാപകർ | |

| ക്ര മ നം | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 13 | ദൃശ്യ- ശ്രാവ്യ മാധ്യമങ്ങൾ അനുഭവിക്കുന്നതിനും സ്വയം നിർമ്മിക്കുന്നതിനുള്ള പരിശീലനം | ക്ലാസ്സ് റും പ്രവർത്തനങ്ങൾ, കുട്ടികളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ എന്നിവ മികവാർന്ന തരത്തിൽ ഡോക്യുമെന്ററി, ലഘു ചിത്രങ്ങൾ , ചിത്രീകരണം എന്നീ നിലകളിൽ ഛായാഗ്രഹണം നിർവഹിക്കുക. | വർഷത്തിൽ ഒരിക്കൽ | അധ്യാപകർ PTA രക്ഷിതാക്കൾ, പ്രാദേശിക വിദഗ്ധർ. | |

| ക്ര മ നം | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 14 | ശിശു സൗഹൃദ ഭാഷാ- സൗഹൃദ ക്ലാസ്സ് റും സജ്ജീകരിക്കൽ. | ഭാഷാ ബോധനം നൈസർഗികവും സ്വതസിദ്ധവുമായ അന്തരീക്ഷത്തിൽ നിവർത്തിക്കപ്പെടുന്ന തിനായി പൂർണ്ണ സജ്ജമായ ക്ലാസ്സ് റൂമുകൾ യാഥാർത്ഥ്യമാക്കുക. | | അധ്യാപകർ PTA രക്ഷിതാക്കൾ, ഭരണ സമിതികൾ | |

| ക്ര മ നം | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 15 | പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് ഉൾചേർന്ന വിദ്യാഭ്യാസ പ്രക്രിയയിലൂടെ മുന്നേറാനുള്ള അവസരം ഒരുക്കുക | പഠന പിന്നോക്കാവസ്ഥ അനുഭവിക്കുന്ന കുട്ടികളെ ഉദ്ദേശിച്ച് , അധിക സമയ പഠനം , ഭാഷാ കളികൾ , ദൃശ്യ- ശ്രാവ്യ മാധ്യമങ്ങളുടെ പ്രയോജനം സാധ്യമാക്കൽ , ലളിത ഭാഷാ ശേഷി പോഷണ തന്ത്രങ്ങൾ , എന്നീ സംവിധാനങ്ങളിലൂടെ പ്രത്യേക പരിഗണന സാധ്യമാക്കുക. | അധ്യയനവർഷം പൂർണ്ണമായും | അധ്യാപകർ PTA രക്ഷിതാക്കൾ, സാമ്പത്തി പ്രയോജകർ | |

| ക്ര മ നം | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 16 | ദിനാചരണങ്ങളുടെ ഭാഷാന്തരണ പ്രയോഗ വൽ ക്കരണം | അന്താരാഷ്ട്ര അറബി ദിനം ഉൾപ്പെടെ പ്രധാന ദിനങ്ങൾ,അറബി ഭാഷയുടെ പ്രയോഗ സാധ്യതകൾക്കൂടി ഉൾ പ്പെടുത്തി ആചരിയ്ക്കുന്നു.ഇത്തരം ദിനങ്ങളിൽ അറബിക് ക്ലബ് അംഗങ്ങൾ അവരുടെ അറബിക് നെയിം ടാഗുകൾ ഉപയാഗിച്ച് അറബി അന്തരീക്ഷം സൃഷ്ടിച്ച് , പരിപാടികൾ ആസൂത്രണം ചെയ്യുന്നു. | പ്രത്യേക ദിനാചരണ വേളകൾ | അധ്യാപകർ PTA രക്ഷിതാക്കൾ, | |

| ക്ര മ നം | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 17 | അറബിക് കലാമേളകൾ, വിവിധ മത്സരങ്ങൾ എന്നിവയ്ക്ക് കുട്ടികളെ തയ്യാറാക്കൽ | വിദ്യാഭ്യാസ വകുപ്പുകൾ സംഘടിപ്പിക്കുന്ന വിവിധ മേളകളിൽ അറബിക് ഇനങ്ങൾക്ക് പ്രത്യേക പ്രോത്സാഹനം നൽകുന്നതിന്റെ ഭാഗമായി സ്കൂൾ തലത്തിൽ നിശ്ചിത ഇടവേള കളിൽ വിവിധ ഭാഷാ മത്സരങ്ങൾ സംഘടിപ്പിയ്ക്കുന്നു. കൂടാതെ ഇത്തരം മത്സരങ്ങളിൽ പങ്കെടുക്കുന്നതിന്റെ മുന്നോടിയായി ഭാഷ അതിന്റ ഭാഷാ തന്മയത്വത്തോടെ അവതരിപ്പിക്കുന്നതിനുള്ള മാതൃകാവതരണങ്ങൾ നേരിട്ടും ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളുടെ സഹായത്തോടെയും തയ്യാറാക്കുന്നു. | വർഷം മുഴുവൻ | അധ്യാപകർ PTA | |

| ക്ര മ നം | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 18 | സ്വയം പ്രവർ ത്തിക്കാവുന്ന ഭാഷാലാബുകൾ | ക്ലാസ് റൂം പ്രവർത്തനങ്ങളുടെ ഭാഗമായി നല്കപ്പെടുന്ന അസൈമെന്റുകൾ ,പ്രോജക്ടുകൾ,സെമിനാറുകൾ എന്നിവക്കാവശ്യമായ വിവരങ്ങൾ ,ദത്തങ്ങൾ, വസ്തുതകൾ,വിഭവങ്ങൾ എന്നിവ കുട്ടിക്ക് സ്വയമേവ ശേഖരിക്കുന്നതിനുതകുന്ന തരത്തിൽ ആധുനിക വിവര- സാങ്കേതിക വിദ്യകളുടെ വിന്യാസം ഉറപ്പാക്കിയ സുസജ്ജമായൊരു കമ്പ്യൂട്ടർ ലാബ് സ്ഥാപിക്കുന്നു, ഉപയോഗപ്പെടുത്തുന്നു | വർഷം ഉടനീളം | അധ്യാപകർ PTA രക്ഷിതാക്കൾ സാമ്പത്തിക പ്രായോജക സംവിധാനങ്ങൾ | ലാബ് സജ്ജീകരണം സോഫ്റ്റ് വെയറുകളും വിഭവങ്ങളും തയ്യാറാക്കൽ വിദഗ്ദർ സേവനം ലഭ്യമാക്കൽ |

# 14 കലാപഠനം/ പ്രവൃത്തിപരിചയം

സ്കൂൾ തലത്തിൽ കുട്ടികളുടെ ബുദ്ധിവികാസം, വ്യക്തിത്വ വികാസം, സമൂഹത്തിന്റെ മുമ്പിൽ നല്ല പെരുമാറ്റം ഇവയുടെ വളർച്ചക്കുണ്ടാകുന്ന അവബോധം വരുത്തുന്നതിൽ ഏറ്റവുംപ്രധാന പങ്ക് കലാപഠനത്തിലാണ്. ഓരോ
കുട്ടികളുടെയ ഉപബോധത്തിൽ ഉണ്ടായിരിക്കുന്ന ശേഷികൾ ലക്ഷ്യ ബോധത്തിൽ എത്തിക്കുകയും അവരുടെ ജീവിത നേട്ടമായി മാറ്റിയെടുക്കാൻ കലാപഠനത്തിലൂടെ കഴിയും. നമ്മൾ ഓരോരുത്തരും കുട്ടികളെ നിരീക്ഷിച്ചാൽ മനസ്സിലാക്കാൻ കഴിയും. കുട്ടികൾ സംസാരിക്കാൻ തുടങ്ങുന്നതു മുതൽ അവർ മറ്റുള്ളവരുമായി സംവദിക്കുന്നത് കുട്ടിയുടെ ചുറ്റുവട്ടത്തുള്ള മനുഷ്യർ,മൃഗങ്ങൾ പക്ഷികൾ, പൂക്കൾ ഇവയൊക്കെ കുട്ടികളെ സംബന്ധിച്ചിടത്തോളം ഒരു വ്യത്യാസവുമില്ല. അവർ തനിക്കു മുമ്പിൽ കാണുന്ന എല്ലാ പ്രവൃത്തികളും അനുകരിക്കാൻ തുടങ്ങും -അവർ ചിരിയ്ക്കും, പാട്ടു പാടും, വരയ്ക്കും, നൃത്തം ചെയ്യും- ഇത്തരം പ്രവർത്തികൾ ചെയ്യുന്നത് അവർ കലാകാരന്മാർ ആയതുകൊണ്ടല്ല, ഇത്തരം നിരീക്ഷണങ്ങൾ അവരുടെ ബുദ്ധിപരമായ വളർച്ചയുടെ ഘട്ടങ്ങളാണ്. ഇതിൽ സഹായഘടകമായി മാറണം കലാ പഠനം. കലാ പഠനം കലാവാസനയുള്ളവർക്ക് മാത്രം മാറ്റിവയ്ക്കപ്പെട്ടവയല്ല. പ്രീപ്രൈമറി ക്ലാസ്സ് മുതൽ ഇത്തരം പ്രവർത്തന പഠനത്തിലൂടെ അയിരിക്കണം മാസ്റ്റർ പ്ലാൻ.

പ്രീപ്രൈമറി, പ്രൈമറി, യൂ. പി, ഹൈസ്കൂൾ, ഹയർസെക്കൻണ്ടറി ഇങ്ങനെ തരം തിരിച്ച് പഠനപ്രവർത്തനം നടത്തുമ്പോൾ കുട്ടിയെ ലക്ഷ്യ പ്രാപ്തിയിൽ എത്താൻ സഹായിക്കും. അഞ്ചാം ക്ലാസ്സ് മുതൽ 12-)ം ക്ലാസ്സ് വരെ കലാപഠനത്തിൽ വ്യക്തമായ അവരുടെ വയസ്സിനനുസൃതനായ രീതിയിൽ പാകപ്പെടുത്തിയ പാഠപുസ്തകം ആവശ്യമാണ്. കലയെ കുറിച്ചുള്ള അറിവ്എല്ലാ കുട്ടികളും അറിഞ്ഞിരിക്കേണ്ടതാണ്.കലാപഠനത്തിന് ഒരു സ്കൂളിൽ ഒരു ആർട്ട് ലാബ് അത്യാവശ്യമാണ്.

| ക്രമ നം | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | സൃഷ്ടിപരത ലക്ഷ്യം കുട്ടികളിലെ ക്രിയേറ്റിവിറ്റി വളർത്തുക. ക്രിയേറ്റിവിറ്റി ആക്ടിവിറ്റിയിലൂടെ കുട്ടികളിലെ ബുദ്ധിപരമായ കഴിവ് വളർത്തുക | പ്രകൃതിയിലുള്ള വസ്തുക്കൾ, ജീവജാലങ്ങൾ ഇവയെ നിരീക്ഷിച്ചു മനസ്സിലാക്കുന്ന പ്രവർത്തനം. കുട്ടികൾക്ക് ഏതു മാധ്യമമാണ് വഴങ്ങുന്നത് എന്ന് മനസ്സിലാക്കാൻ മാധ്യമങ്ങളെ പറ്റിയുള്ള പ്രവർത്തനം. കുട്ടികൾ, നിരീക്ഷണത്തിലൂടെയും മാധ്യമങ്ങൾ കൈകാര്യം ചെയ്യൽ മനസ്സിലാക്കുന്നതിലൂടെയും അവരുടെ മനസ്സിലൂടെ ഉടലെടുത്തുവരുന്ന ചിന്താപരമായ കാര്യങ്ങൾ പ്രതിഫലിപ്പി ക്കുന്ന തിനുള്ള പ്രവർത്തനം നിരന്തരം ചെയ്യുന്നു. | 2 മാസം (ജൂൺ, ജൂലൈ) | അധ്യാപകൻ, ആർട്സ് ക്ലബ്ബ് | 2000 |
| 2 | കുട്ടിയുടെ ക്രിയേറ്റിവിറ്റി സ്വതന്ത്രമായി പ്രതിഫലിപ്പിക്കുകയും പഠനത്തിലൂടെ സന്തോഷം കണ്ടെത്തുകയും ചെയ്യുക | ചിത്രം വരയ്ക്കുന്നതിനും , നിർമ്മിക്കുന്നതിനുള്ള പലവിധ മാധ്യമങ്ങൾ അറിയാനുള്ള ക്ലാസ്സുകളും പ്രവർത്തനങ്ങളും ചെയ്യണം. മനസ്സിലൂടെ ഉണ്ടാകുന്ന ആശങ്ങൾ- ഉത്പന്നങ്ങളായി മാറുന്ന പ്രവർത്തനം നടത്തുന്നു. | 2 മാസം | അധ്യാപകൻ , ആർട്ട്സ് ക്ലബ് | 2000 |

| ക്രമ നം | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 3 | ഡിസൈൻ- കുട്ടികളുടെ ചിന്തക്കനുസരിച്ചുള്ള ഏതൊരു വസ്തുക്കൾ ഉപകരണങ്ങൾ , ഡിസൈൻ ചെയ്യുന്നതിനുള്ള കഴിവ് വികസിപ്പിക്കുക | പ്രാചീന കാലം മുതലുള്ള ഓരോ വസ്തുക്കളുടേയും ഡിസൈനുകൾ മനസ്സിലാക്കുകയും ഓരോ കാലഘട്ടത്തിലും മനുഷ്യന്റെ നിത്യ ജീവിതത്തിലതിനെ സ്വാധീനിച്ചതും ഉപയോഗിച്ചതുമായ ഉപകരങ്ങളുടെ രൂപഘടനയെപറ്റി പഠിക്കുകയും പുതിയ ഉപകരണങ്ങളെ കുറിച്ച് (മോഡേൺ ആർക്കിടെക്ച്ചർ, വാഹനങ്ങൾ, ഫർണിച്ചർ,ഫാഷൻ ഡിസൈൻ മുതലായവ) ചിന്തിപ്പിക്കുകയും ചെയ്യുന്ന പ്രവർത്തനം . | 2 മാസം | അധ്യാപകർ | 5000 |

| | | | | | |
|---|---|---|---|---|---|
| 4 | എകസ്പെരിമെന്റ് - കുട്ടികളുടെ ആശയങ്ങൾ എകസ്പെരിമെന്റ് ചെയ്യാനുള്ള അവസരം നൽകുക | എകസ്പെരിമെന്റ് ചെയ്യാനുള്ള അവസരം നൽകുന്നതിനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു | നവംബർ ഡിസംബർ | അധ്യാപകർ, പി.ടി.എ, എസ്.എം.സി | 5000 |

# പ്രവൃത്തിപരിചയം

| ക്രമ നം | ലക്ഷ്യം | പ്രവർത്തനം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1 | കുട്ടികൾ സ്വന്തമായി നോട്ടുബുക്കുകൾ നിർമ്മിക്കാനുള്ള കഴിവ് നേടൽ | ബുക്ക് നിർമ്മാണം | ടീച്ചർ | 5000 |
| 2 | വസ്ത്രങ്ങളിൽ വിവിധ അലങ്കാര പ്രവർത്തനങ്ങൾ ചെയ്യാനുള്ള കഴിവ് നേടുന്നു | പെയിന്റിംഗ് ,എംബ്രോയിഡറി ,വെജിറ്റബിൾ പ്രിന്റിംഗ് | ടീച്ചർ | 10000 |
| 3 | ഉപയോഗ ശൂന്യമായ വസ്തുക്കൾ കൊണ്ട് പുതിയ ഉൽപന്നങ്ങളുടെ നിർമ്മിക്കുന്നതിനുള്ള കഴിവ് നേടുന്ന | പാഴ്വസ്തുക്കൾ കൊണ്ടുള്ള നിർമ്മാണ പ്രവർത്തനം | ടീച്ചർ | 10000 |
| 4 | പ്ലാസ്റ്റിക് ഉപയോഗം കുറയ്ക്കുക | പേപ്പർബാഗ് നീർമ്മാണം | ടീച്ചർ | 10000 |

# മാസ്റ്റർ പ്ലാൻ

## യു. പി. വിഭാഗം

## അക്കാദമികം

# 15. മലയാളം UP

**മേഖല -: അക്കാദമികം** **ഉപമേഖല -:മലയാളം**

| ക്രമ നം | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | എല്ലാകുട്ടികൾക്കും മലയാളഭാഷ ഫലപ്രദമായി വായിയ്ക്കാനും എഴുതാനും ആശയഗ്രഹണത്തിനുള്ള ശേഷി വികസിപ്പിയ്ക്കുക . | പ്രീ-ടെസ്റ്റ് നടത്തി വിശകലനം ചെയ്ത് മികവുകളും പരിമിതികളും കണ്ടെത്തുന്നു. പരിമിതികൾ പരിഹരിയ്ക്കുന്നതിനുള്ള പ്രവർത്തനം തയ്യാറാക്കുന്നു. കഥകളുടെയും, പാട്ടുകളുടെയും, ചെറുനോവലുകളുടെയും ദൃശ്യാവിഷ്ക്കാര അവതരണം പഠനത്തിൽ പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക ക്ലാസ്സ്, ക്ലാസ് ലൈബ്രറി തയ്യാറാക്കൽ | **ജൂൺ** | ടീച്ചർ | 3000 |
| 2 | മലയാള ഭാഷാ പഠനത്തിൽ വിവര സാങ്കേതിക വിദ്യയുടെ സാധ്യത പ്രയോജനപ്പെടുത്തുക | I T-AI – സാധ്യത ഉപയോഗിച്ച് ചിത്ര വായന, വായനാകാർഡ്, പത്ര ക്വിസ്. | ജൂലൈ | ടീച്ചർ | 4000 |
| 3 | വ്യത്യസ്ത വ്യവഹാര രൂപങ്ങൾ പരിചയപ്പെടൽ | ഡയറി എഴുത്ത് നാടൻ പാട്ടുകൾ ,ഫ്ലാഷ് മോബ് (സാമൂഹിക പ്രതിബദ്ധതയുള്ള വിഷയങ്ങൾ) അഭിമുഖം, രചനകൾ- മൈമിംഗ്, കത്ത് | ആഗസ്റ്റ് | ടീച്ചർ | 4000 |

| ക്രമ നം | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 4 | വായനയുടെ പ്രാധാന്യം മനസ്സിലാക്കുക | സ്കൂൾ ലൈബ്രറി സജ്ജമാക്കുന്നു ക്ലാസ്സ് ലൈബ്രറി - വായനാമൂല ഒരുക്കുന്നു | ജൂലൈ | അധ്യാപകർ ഭാഷാ കലബ്ബ് | 5000 |

| | | | | | |
|---|---|---|---|---|---|
| 5 | കുട്ടികളുടെ ആശയവിനിമയ ശേഷി സർ ഗാത്മഗ ചിന്ത, എന്നിവയെ പരിപോഷിപ്പിക്ക ൽ | പോസ്റ്റ് കാർഡ് നിർ മ്മാണം, കത്തെഴുത്ത്, ആശംസാ കാർഡ് നിർ മ്മാണം<br>എഴുത്തുകൂട്ടം- സാമൂഹിക വിഷയങ്ങൾ<br>മാഗസിൻ നിർമ്മാണം, കുട്ടികളുടെ സ്വന്തം രചനകൾ.<br>വിശേഷ ദിവസങ്ങളോടനുന്ധിച്ച് ആശംസാ കാർഡ് നിർ മ്മാണം( ഓണം, പെരുന്നാൾ, ക്രിസ്തുമസ്സ്, പുതുവർഷം)<br>രാവിലെ പത്രം. | ആഗസ്റ്റ് സെപ്റ്റംബർ | അധ്യാപക ർ<br>ഭാഷാ കലബ്ബ് | 2000 |
| 6 | നമ്മുടെ സാസ് കാരിക പൈതൃകത്തോടു ം ചരിത്രത്തോടും ആദരപൂർ വ്വമായ മനോഭാവം സൃഷ്ടിക്കുക | നാടകം- മികച്ച കുട്ടികളെ കണ്ടത്തി, നാടക ഗ്രൂപ്പ്<br>പാവ നാടകം<br>കൃഷി - ആരോഗ്യം<br>ഡോക്യുമെന്ററി-ശുചിത്വം<br>കലാവിരുന്ന്, നാടൻപാട്ട് | ഒക്ടോബർ നവംബർ | ടീച്ചർ | 4000 |
| 7 | കുട്ടികളിൽ ആത്മവിശ്വാസം താത്പര്യം എന്നിവ ജനിപ്പിക്കുന്നതിന് | കഥാരചന, കവിതാ രചന | ഡിസംബർ | അധ്യാപക ർ | 15000 |
| 8 | ഭാഷാപഠനത്തിൽ പിന്നോക്കം നിൽ ക്കുന്നവരെ മുൻ നിരയിൽ എത്തിക്കുക | പ്രത്യേക ക്ലാസ്സുകൾ (വിജയസ്പർശം)<br>ഉൽപന്നങ്ങൾ<br>മികവു പ്രദർശനം | ജനുവരി, ഫെബ്രുവരി | അധ്യാപക ർ | 5000 |

# 16. ഇംഗ്ലീഷ്

**മേഖല:–അക്കാദമികം** **ഉപമേഖല– ഇംഗ്ലീഷ്**

| ക്രമ നം | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷ ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കുക | Pre-test നടത്തി വിശകലനം ചെയ്ത് മികവുകളും പരിമിതികളും കണ്ടെത്തുന്നു. പരിമിതികൾ പരിഹരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ തയ്യാറാക്കൽ Reading cards, picture cards, picture stories, rhymes. | ജൂൺ ആദ്യം | ഇംഗ്ലീഷ് ടീച്ചർ,SRG | 10000/- PTA |
| 2 | ഇംഗ്ലീഷ് ആശയവിനിമയ ശേഷി വളർ ത്തുക | ഇംഗ്ലീഷ് ഡയറി ക്കുറിപ്പ്<br><br>ഇംഗ്ലീഷ് ഭാഷയിൽ വിവിധ പരിപാടികൾ നടത്തുന്നു.Skit, പ്രസംഗം, role play, ഗ്രീറ്റിംഗ് | ആഴ്ചയിൽ 2 പ്രാവിശ്യം | ഇംഗ്ലീഷ് ടീച്ചർ, SRG, HM | 2000 |
| 3 | ലേഖന കൗശലം വളർത്തുക | കാർഡ് നിർമ്മാണം, letter,poster,description. Diary, How to prepare certurn things eg:-tea, omlete,rice..etc ഇംഗ്ലീഷ് ക്ലാസ് ലൈബ്രറി, വായനാ സാമഗ്രി,ലഘു വായനാ പുസ്തകം, ക്ലാസ്സ് മാഗസിൻ നിർമ്മാണം, കുസൃതി ചോദ്യങ്ങൾ, കടങ്കഥകൾ തയ്യാറാക്കി അവതരണം, English news paper reading,വാർത്താ അവതരണം. | ആഗസ്റ്റ്-മാർച്ച് | ടീച്ചർ | 2000 |
| 4 | ICT , AI അധിഷ്ഠിത വിവരവിനിമയ മാർഗങ്ങളിലൂടെ ഭാഷാനൈപുണി യുണ്ടാക്കുക | ഇംഗ്ലീഷ് തിയറ്റർ,ICT -AI സാധ്യത പ്രയോജനരപ്പെടുത്തിക്കൊണ്ട് പ്രസംഗങ്ങൾ കേൾപ്പിക്കൽ(ഇംഗ്ലീഷിൽ) ഇംഗ്ലീഷ് news വായന ഇംഗ്ലീഷ് cartoon എന്നിവ പ്രദർശനം. പതിപ്പുകൾ, മാഗസിനുകൾ, collections produced. | ആഗസ്റ്റ. സെപ്റ്റംബര് | അധ്യാപകർ എസ്.ആർ.ജി, | 10000 |

| ക്ര മ നം | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 5 | ആശയവിനിമയശേഷി വർദ്ധിപ്പിക്കക | കുട്ടികളുടെ ആശയവിനിമയശേഷി വർദ്ധിപ്പിക്കുന്നതിനായി ഒരു spoken english ക്ലാസ്സുകൾ നടത്തുന്നു. | ഒക്ടോബർ, ഫെബ്രുവരി | ഇംഗ്ലീഷ് ടീച്ചർ,SRG | 100000 |
| 6 | മികവിനുള്ള അംഗീകാരം | ഉൽപന്നങ്ങൾ മികവുകൾ പ്രദർശനം | ജനുവരി | ഇംഗ്ലീഷ് ടീച്ചർ,SRG പി.ടി,എ | 2000 |
| 7 | കുട്ടികളിൽ പദസമ്പത്ത് വർദ്ധിപ്പിക്കുക (Vocabulary development) | Dictionary നിർമ്മാണം, എല്ലാ ദിവസവും ഒരു New Word പരിചയപ്പെടുത്തുക , word game, spelling contents, making cross word puzzels | സെപ്റ്റംബർ, ഫെബ്രുവരി | English Teachers | |
| 8 | പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുഖ്യധാരയിൽ എത്തിക്കുക | Pre-test, Special Coaching for slow learners | July - March | English Teachers | |

# 17. ഹിന്ദി UP

മേഖല- അക്കാദമികം                    ഉപമേഖല- ഹിന്ദി

| ക്രമ നം | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | എല്ലാകുട്ടികൾക്കും ഹിന്ദി ഭാഷ ഫലപ്രദമായി വായിക്കാനും എഴുതാനും ആശയഗ്രഹണത്തിനുള്ള ശേഷി വികസിപ്പിയ്ക്കുക | പ്രീ ടെസ്റ്റ് നടത്തി വിശകലനം ചെയ്ത് മികവുകളും പരിമിതികളും കണ്ടെത്തുന്നു. പരിമിതികൾ പരിഹരിയ്ക്കുന്നതിനുള്ള പ്രവർത്തനങ്ങൾ തയ്യാറാക്കുന്നു. കഥകളുടെയും, പാട്ടുകളുടെയും ചെറുനോവലുകളുടെയും ദൃശ്യാവിഷ്കാര അവതരണം. രചനാ മത്സരങ്ങൾ ആഴ്ചയിൽ ഒരിയ്ക്കൽ നടത്തുന്നു. പഠനത്തിൽ പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക ക്ലാസ്സ്. | ജൂൺ | ടീച്ചർ | 3000 |
| 2 | ആശയവിനിമയശേഷി വർദ്ധിപ്പിക്കുക | I T – സാധ്യത ഉപയോഗിച്ച് കാർട്ടൂൺ കഥകൾ, ചിത്ര വായന, വായനാ കാർഡ്, വായനാമത്സരം, ക്വിസ് മത്സരം, എല്ലാമാസവും | ജൂലൈ | ഹിന്ദി ടീച്ചർ,SRG | 4000 |
